DOMUS CAT

**DATE : Sunday 07 JUNE 2020**

**മനഃപാഠമാക്കാനുള്ള വചനഭാഗം**

'നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടുംകൂടെ സ്നേഹിക്കണം'. (നിയമാവർത്തനം 6:5)

**വചനവായന**

**സുവിശേഷ ഭാഗം – ലൂക്കാ 7:36–50**

| CLASS | CHAPTER | PAGE | ACTIVITYES |
|---|---|---|---|
| 1 | 1 | 9 - 10 | വീട്ടിലും പറമ്പിലും കാണുന്ന ചെടി, പൂവ്, പഴം, മൃഗം എന്നിവയിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടവയുടെ പേരുകൾ എഴുതുക. ഫോണിൽ അവയുടെ ചിത്രങ്ങൾ എടുക്കുക. അവയെ ഇഷ്ടപ്പെടാൻ കാരണം എന്ത്? ആരാണ് ഇവയൊക്കെ സൃഷ്ടിച്ചത്? ഈശോ തോളിലേറ്റിയ മൃഗത്തിന്റെ പേര്? ഒരു കുഞ്ഞാടിന്റെ പടം വരയ്ക്കാമോ? |
| 2 | 1 | 9 - 10 | ഒരു പേപ്പറിൽ ഈശോയുടെ പടം നടുക്ക് ഒട്ടിക്കുക. അതിനുശേഷം അതിന്റെ ചുറ്റിലും കുടുംബത്തിലുള്ളവരുടെ പടം ഒട്ടിച്ച് പേരെഴുതുക. അതിനു ശേഷം പേജ് 10-ലെ 'നമുക്ക് പാടാം' എന്ന ഗാനം മാതാപിതാക്കളെ പാടി കേൾപ്പിക്കുക. |
| 3 | 1 | 9 - 10 | നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട വ്യക്തികളാരൊക്കെ? എന്തുകൊണ്ടാണ് നിങ്ങൾക്ക് അവരെ ഇഷ്ടമായത്? ഈശോയെ നിങ്ങൾക്ക് ഇഷ്ടമാണോ? എന്തുകൊണ്ടാണ് ഈശോയെ നിങ്ങൾ ഇഷ്ടപ്പെടുന്നത്? |
| 4 | 1 | 9 - 10 | നമുക്ക് ജീവൻ നിലനിർത്താൻ ആവശ്യമായ കാര്യങ്ങൾ ഏതൊക്കെയാണ്? അവയില്ലെങ്കിൽ എന്തുസംഭവിക്കും? നമുക്ക് ശരീരം കൂടാതെ പിന്നെ എന്തൊക്കെയുണ്ട്? ദൈവം നമ്മെ സ്നേഹിക്കുന്നതുകൊണ്ട് ദൈവീക ജീവൻ നമുക്ക് നൽകി. ആ ദൈവീകജീവൻ നഷ്ടപ്പെടാതിരിക്കാൻ നമ്മൾ എന്തൊക്കെ ചെയ്യണം? |
| 5 | 1 | 9 - 10 | നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ബുക്കുകൾ ഏതൊക്കെയാണ്? എന്താണ് ബൈബിൾ? ദൈവം നമ്മോട് ഇന്നും സംസാരിക്കുന്നതെങ്ങനെ? ബൈബിൾ ഒരു സാധാരണ ഗ്രന്ഥമല്ല, ദൈവവചനമാണത്. പ്രാർത്ഥനാമുറിയിൽ വി. ഗ്രന്ഥം പൂജ്യമായി വയ്ക്കുന്നതിനുള്ള ഒരുക്കങ്ങൾ നടത്തുക. |
| 6 | 1 | 9 - 11 | ക്രിസ്തുമസ്സിന് നിങ്ങൾ പുൽക്കൂട് ഉണ്ടാക്കാറുണ്ടോ? പുൽക്കൂട് ഉണ്ടാക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ആവശ്യമായിട്ടുള്ളത്. ആരെയാണ് ഏറ്റവും പ്രധാന സ്ഥലത്ത് വയ്ക്കുക? മനുഷ്യനായി പിറന്ന ദൈവത്തിന് കൊടുക്കുന്ന പേരുകൾ എന്തൊക്കെ? |

| | | | |
|---|---|---|---|
| **7** | **1** | **9 - 10** | ദൈവപ്രമാണങ്ങൾ എത്ര? നാലാമത്തെ പ്രമാണം ഏതാണ്? മാതാപിതാക്കളെ ബഹുമാനിക്കുന്നത് എങ്ങനെയെല്ലാം എന്ന് പറയാമോ? നിങ്ങളുടെ അപ്പന്റെയും അമ്മയുടെയും നന്മകൾ പറഞ്ഞ് സ്തുതിചൊല്ലുക. അവരോടുള്ള സ്നേഹം ഏതെല്ലാം വിധത്തിൽ പ്രകടിപ്പിക്കാനാകും എന്ന് നോട്ടിൽ കുറിക്കുക. |
| **8** | **1** | **9 - 12** | വിശ്വാസികളുടെ പിതാവായി അറിയപ്പെടുന്നത് ആര്? അബ്രാഹത്തിന് ദൈവം കനിഞ്ഞു നൽകിയ മകൻ ആരാണ്? അബ്രാഹത്തെ ദൈവം പരീക്ഷിച്ചത് എങ്ങനെ? ദൈവത്തിലുള്ള എന്റെ വിശ്വാസം എത്ര ആഴമുള്ളതാണ്? നോട്ട് കുറിക്കുക. |
| **9** | **1** | **9 - 12** | ഇസ്രായേൽക്കാർ സ്വഭവനങ്ങളിൽ അനുഷ്ഠിച്ച ആരാധനാകർമ്മങ്ങൾ ഏവ? |
| **10** | **1** | **9 – 12** | ഭാരതത്തിലേക്കു വന്ന യേശുവിന്റെ ആദ്യത്തെ പ്രേഷിതനാരാണ്? തോമ്മാശ്ലീഹയുടെ ജീവിതവുമായി ബന്ധപ്പെട്ട 2 കലാരൂപങ്ങൾ എഴുതാമോ? തോമ്മാശ്ലീഹായുടെ ഏതെങ്കിലും 2 ഗുണങ്ങൾ എഴുതുക. |
| **11** | **1** | **9 - 11** | ഈശോ രക്ഷകനാണെന്ന് നമ്മൾ ഏറ്റുപറയുന്നു. ഈശോയെപ്പോലെ ഏതെല്ലാംവിധത്തിൽ നമുക്ക് രക്ഷകരാകാം. പ്രത്യേകിച്ച് ഇപ്പോൾ വ്യാപിരിക്കുന്ന Covid 19 നെ പ്രതിരോധിക്കാൻ നിങ്ങൾക്ക് എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്ന് നോട്ട് ബുക്കിൽ എഴുതുക. |
| **12** | **1** | **9 - 12** | ഈശോ രക്ഷകനാണെന്ന് നമ്മൾ ഏറ്റുപറയുന്നു. ഈശോയെപ്പോലെ ഏതെല്ലാംവിധത്തിൽ നമുക്ക് രക്ഷകരാകാം. പ്രത്യേകിച്ച് ഇപ്പോൾ വ്യാപിരിക്കുന്ന Covid 19 നെ പ്രതിരോധിക്കാൻ നിങ്ങൾക്ക് എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്ന് നോട്ട് ബുക്കിൽ എഴുതുക. |


## DEPARTMENT OF CATECHESIS

**Archdiocese of Ernakulam-Angamaly**

**Renewal Centre, Kaloor, Kochi - 17, Ph: 0484 – 2346628, Mob: 9400343930**

**E-mail:catechismernakulam@gmail.com, Website: www.catechismernakulam.com**